**Athmaraksha.org**

സന്ദേശം : അഭിഷിക്തർ, സമർപ്പിതർ, മിഷനറികൾ

## സഭാനേതൃത്വത്തെ തിരുത്തി കുടുംബസിനഡിൽ കാതറിൻ ഓഫ് സിയന്ന?



വത്തിക്കാൻ സിറ്റി: റൊമാനിയയിൽ നിന്നുള്ള ഒരു ലേഡിഡോക്ടർ സഭാപിതാക്കന്മാരെ അമ്പരപ്പിച്ച് സിനഡിൽ വളരെ പ്രസക്തമായ ഒരു റിപ്പോർട്ട് അവതരിപ്പിച്ചു. ലൈംഗികതയെക്കുറിച്ചും കുടുംബബന്ധങ്ങളെക്കുറിച്ചും ഡോ. ആംങ്ക മരിയ സെർണേയ നടത്തി യ പ്രഭാഷണം ഫ്രാൻസിസ് പാപ്പയെപ്പോലും ആശ്ചര്യപ്പെടുത്തിക്കളഞ്ഞു. സഭാനേതൃത്വത്തിന് പലയിടത്തും ലക്ഷ്യം തെറ്റുന്നതിനെക്കുറിച്ചും ആവശ്യമില്ലാത്ത കാര്യങ്ങളിൽ സഭ ഊർജ്ജം നശിപ്പിക്കുന്നതിനെക്കുറിച്ചും ഡോ. ആംങ്ക വാചാലയായി. ആധുനികലോകം നേരിടുന്ന യഥാർത്ഥപ്രശ്നം സമ്പത്തിക അസമത്വമോ കാലാവസ്ഥ വ്യതിയാനമോ അല്ലെന്നും, പാപത്തിന്റെ അതിപ്രസരമാണെന്നും സഭാപിതാക്കന്മാരെ ഓർമ്മപ്പെടുത്തുകയായിരുന്നു ഡോ. ആംങ്ക. എത്ര ചർച്ച ചെയ്താലും, എന്തിനെക്കുറിച്ചൊക്കെ പഠിച്ചാലും മനുഷ്യവംശം നേരിടുന്ന അടിസ്ഥാനപ്രശ്നം മാറ്റിനിർത്തപ്പെടരുത്-പാപം. അതിനെ അതിജിവിക്കാനായാൽ മറ്റുള്ള സകല സാമൂഹിക, സാമ്പത്തിക പരാധീനതകളും ദൈവകൃപയാൽ അതിജീവിക്കപ്പെടാവുന്നതേയുള്ളൂ. റൊമാനിയയിലെ ബുച്ചാറെസ്റ്റിൽ നിന്നുള്ള കാത്തലിക് ഡോക്ടേഴ്സ് ആസോസിയേഷൻ പ്രസിഡന്റുകൂടിയാണ് ആംങ്ക. കാച്ചിക്കുറുക്കിയ ആ വാക്കുകൾ നൂറ്റാണ്ടുകൾക്ക് മുമ്പ് കാതറിൻ ഓഫ് സിയന്ന സഭയെ തിരുത്തുവാനായി നൽകിയ നിർദേശങ്ങൾപോലെ ശക്തമായിരുന്നു എന്നതും ശ്രദ്ധേയമായി. കാലാവസ്ഥാവ്യതിയാനം, സാമ്പത്തിക അസമത്വം, ദാരിദ്ര്യം തുടങ്ങിയ വിഷയങ്ങളാണോ സഭ അധികമായി ചർച്ച ചെയ്യേണ്ടത്? അതോ മനുഷ്യരെ നരകത്തിലെത്തിക്കുകയും പിശാചിന് അടിമകളാക്കുകയും ചെയ്യുന്ന ആധുനികലോകത്തിലെ പാപത്തെക്കുറിച്ചും അതിൽനിന്ന് മോചനം നേടാനുള്ള വഴികളെക്കുറിച്ചുമോ? പാവപ്പെട്ടവരും പണക്കാരും തമ്മിലുള്ള അന്തരം അവസാനിക്കണം എന്ന വാദം സഭയിൽ ഇക്കാലത്ത് ശക്തമായിരിക്കുന്നെന്നും, അതേസമയം പാപം വർജ്ജിക്കപ്പെടണം, ആത്മാക്കളുടെ രക്ഷയ്ക്ക് പ്രഥമപരിഗണന നൽകണം തുടങ്ങിയ വിഷയങ്ങൾ പിന്തള്ളപ്പെടുന്നു എന്ന ആകുലതയും ഡോ. ആംങ്ക അവതരിപ്പിച്ചു. അവിടെയും ഇവിടെയും തൊടാതെ കാര്യങ്ങൾ പറയുന്നതിന് പകരം സ്വവർഗ്ഗാനുരാഗം, സാധുവായ വിവാഹങ്ങളുടെ മോചനം തുടങ്ങിയ പാപങ്ങളെ 'മാരകപാപം' എന്നു ആവർത്തിച്ചു തന്നെ വിളിക്കാൻ സഭാനേതൃത്വം മടിക്കുന്നതെന്തിന്?

### പ്രഭാഷണത്തിന്റെ പൂർണ്ണരൂപം:

പരിശുദ്ധ പിതാവേ, സിനഡ് പിതാക്കന്മാരേ, സഹോദരീ സഹോദരന്മാരേ, ബുച്ചാറെസ്റ്റിലെ കാത്തലിക്

ഡോക്ടേഴ്സ് അസോസിയേഷനെ പ്രതിനിധീകരിച്ചാണ് ഞാനിവിടെ എത്തിയിരിക്കുന്നത്. റൊമാനിയായിലെ ഗ്രീക്ക് കത്തോലിക്കാസഭയുടെ അംഗമാണ് ഞാൻ. ഒരു ക്രിസ്തീയ രാഷ്ട്രീയനേതാവായിരുന്ന എന്റെ അച്ഛൻ. കമ്മ്യൂണിസ്റ്റുകാർ 17 വർഷം അദ്ദേഹത്തെ തടവിലാക്കി. എന്റെ അമ്മയുമായി വിവാഹനിശ്ചയം ചെയ്തിരിക്കെയായിരുന്നു അറസ്റ്റും തടവും. അതുകൊണ്ട് അവരുടെ വിവാഹം 17 വർഷം കഴിഞ്ഞാണ് നടന്നത്. എന്റെ അച്ഛൻ ജീവനോടെ ഉണ്ടോ എന്നുപോലുമറിയാതെ 17 വർഷം അമ്മ കാത്തിരുന്നു. അവർ രണ്ടുപേരും അത്ഭുതകരമായ ശക്തിയും ബലവുമാണ് ദൈവത്തോടുള്ള വിശ്വസ്തതയിലും പരസ്പരം നടത്തിയ വിവാഹവാഗ്ദാനത്തിലും പ്രകടമാക്കിയത്. അവരുടെ അനുഭവം എനിക്കു മനസ്സിലാക്കിത്തന്ന ഒരു കാര്യമുണ്ട്. ദൈവത്തിന്റെ കൃപയ്ക്ക് അതിഭയങ്കരമായ സാമൂഹിക ക്രൂരതകളെയും ദാരിദ്ര്യത്തെയും അതിജീവിക്കാനുള്ള കരുത്തുണ്ട്. കത്തോലിക്കാ ഡോക്ടർമാരെന്ന നിലയിൽ ജീവനെയും കുടുംബത്തെയും സംരക്ഷിക്കുവാൻ തയ്യാറാകുമ്പോൾ ഇത് ഞങ്ങൾക്ക് മനസ്സിലാകും, ഞങ്ങൾ ആത്മീയപോരാട്ടത്തിലാണ്.

കുടുംബങ്ങൾ തകരുന്നതിന്റെ പ്രധാനകാരണങ്ങൾ ഒരിക്കലും ദാരിദ്ര്യമോ, ഉപഭോഗസംസ്കാരമോ അല്ല. ലൈംഗികവും സാംസ്കാരികവുമായി ഇന്ന് നടത്തപ്പെടുന്ന വിപ്ലവത്തിന്റെ പ്രധാനകാരണം ആശയപരമാണ്. ഫാത്തിമായിൽ ദൈവമാതാവ് പ്രത്യക്ഷപ്പെട്ടപ്പോൾ റഷ്യയുടെ തെറ്റുകൾ ലോകം മുഴുവൻ വ്യാപിക്കുമെന്ന് പറഞ്ഞിരുന്നു. ആദ്യം അതു വെളിപ്പെട്ടത് ക്ലാസിക്കൽ മാർക്സിസത്തിന്റെ രൂപത്തിലാണ്, ലക്ഷക്കണക്കിന് വ്യക്തികളെ കൊന്നുകൊണ്ടായിരുന്നു ആ വിപ്ലവം. ഇന്ന് ഇത് നടക്കുന്നത് സാംസ്കാരിക മാർക്സിസത്തിലൂടെയാണ്. ലെനിന്റെ ലൈംഗികവിപ്ലവത്തിന് ഗ്രാംഷിയിലൂടെയും ഫ്രാങ്ക്ഫർട് സ്കൂളിലൂടെയും തുടർച്ചയുണ്ടായി. ഇന്ന് ജെൻഡർ ഐഡിയോളജിയിലും സ്വവർഗ്ഗാനുരാഗികളുടെ അവകാശങ്ങളിലും അതു വന്നെത്തി നിൽക്കുന്നു. ക്ലാസിക്കൽ മാർക്സിസം അക്രമത്തിലൂടെ സമ്പത്ത് കൈക്കലാക്കി സമൂഹത്തെ സമത്വത്തിലേക്ക് നയിക്കാമെന്ന് വ്യാമോഹിക്കുന്നു. ഈ വിപ്ലവം ഇന്ന് ആഴത്തിലേക്ക് കടന്നിരിക്കുന്നു. സമൂഹത്തെ പുനർനിർവ്വചിക്കുന്ന ആ തത്വം മാറി കുടുംബത്തെയും, ലൈംഗിക വേർതിരിവിനെയും, മനുഷ്യസ്വഭാവത്തെയും പുനർനിർവ്വചിക്കുന്ന പ്രക്രിയയിലേക്ക് കടന്നിരിക്കുന്നു. ഈ ആശയം വിളിക്കപ്പെടുന്നത് പുരോഗമനവാദം എന്നാണ്. എന്നാൽ, അത് പണ്ട് ആ പഴയ സർപ്പം വച്ചുനീട്ടിയ പ്രലോഭനത്തിൽനിന്നും വ്യത്യസ്തമല്ല; മനുഷ്യന് നിയന്ത്രണം ഏറ്റെടുക്കുവാനും, ദൈവത്തെ ഉപേക്ഷിക്കാനും, ഈ ലോകത്തിൽതന്നെ രക്ഷ ക്രമീകരിക്കുവാനും പ്രലോഭിപ്പിക്കുന്ന ആശയം. മാതാത്മകസ്വഭാവത്തെത്തന്നെ തെറ്റിദ്ധരിപ്പിച്ചു കാട്ടുന്ന ഇത്. ആജ്ഞേയവാദമാണത്. അതു തിരിച്ചറിയുകയും അജഗണങ്ങളെ ഈ അപകടത്തെക്കുറിച്ച് ജാഗരൂകരാക്കുകയും ചെയ്യുക എന്നത് ഇടയന്മാരുടെ ദൗത്യമാണ്.

നിങ്ങൾ ആദ്യം അവിടുത്തെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുക. അതോടൊപ്പം മറ്റുള്ളവയെല്ലാം നിങ്ങൾക്കു ലഭിക്കും (മത്തായി 6:33). സഭയുടെ ദൗത്യം ആത്മാക്കളെ രക്ഷിക്കുക എന്നതാണ്. ഈ ലോകത്തിൽ തിന്മ വരുന്നത് പാപത്തിൽനിന്നാണ്. അത് സമ്പത്തിക അസമത്വത്തിൽനിന്നോ, കാലാവസ്ഥാ വ്യതിയാനത്തിൽ നിന്നോ അല്ല. പ്രതിവിധി ഇതാണ്; സുവിശേഷവത്ക്കരണം, മാനസാന്തരം വർധിച്ചുവരുന്ന ഗവൺമെന്റ് നിയന്ത്രണമല്ല വേണ്ടത്. ലോകഭരണസംവിധാനമല്ല പ്രഘോഷിക്കപ്പെടേണ്ടത്. സാംസ്കാരിക മാർക്സിസത്തിന്റെ വക്താക്കൾ അടിച്ചേൽപിക്കാൻ ശ്രമിക്കുന്നത് അതാണ്. ജനസംഖ്യാനിയന്ത്രണത്തിലൂടെയും, ഗർഭനിരോധനത്തിലൂടെയും, സ്വവർഗ്ഗാവകാശങ്ങളിലൂടെയും, ജെൻഡർ വിദ്യാഭ്യാസത്തിലൂടെയും അതു പുറത്തുവരുന്നു. ഇന്ന് ലോകത്തിനാവശ്യം സ്വാതന്ത്ര്യത്തെ ഇനിയും നിയന്ത്രിക്കുന്ന ഘടകങ്ങളല്ല; യഥാർത്ഥ സ്വാതന്ത്ര്യമാണ്. പാപത്തിൽനിന്നുള്ള മോചനം, രക്ഷ. സോവിയറ്റ് ഭരണകാലത്ത് ഞങ്ങളുടെ സഭ അടിച്ചമർത്തപ്പെട്ടു. എന്നാൽ 12 മെത്രാന്മാരിൽ ആരും പരിശുദ്ധ സിംഹാസനത്താടുള്ള അവരുടെ ബന്ധം വിച്ഛേദിച്ചില്ല. പിതാക്കന്മാരുടെ ഉറച്ചമനസ്സ് തടവറകളെയും ഭീകരതയെയും അതിജീവിച്ചു. സമൂഹത്തോട് ഒരിക്കലും ലോകത്തെ പിൻചെല്ലരുതെന്ന് നിർദേശിക്കുവാൻ അവർ തയ്യാറായി. കമ്മ്യൂണിസ്റ്റ് ചിന്താഗതിയെ നിരാകരിക്കുവാൻ അവർ ഉദ്ബോധിപ്പിച്ചു.

ലോകത്തോട് റോം ഇങ്ങനെ പറയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു."നിങ്ങളുടെ പാപങ്ങളെക്കുറിച്ച് മനസ്തപിക്കുക; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നതിനാൽ ദൈവത്തിലേക്ക് തിരിയുക." നിങ്ങളുടെ പാപങ്ങൾ മായിച്ചുകളയാൻ പശ്ചാത്തപിച്ച് ദൈവത്തിലേക്കു തിരിയുവിൻ (അപ്പ. പ്രവർത്തനങ്ങൾ 3:19). സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ (മർക്കോസ് 1:15) ഈ സിനഡിനുവേണ്ടി ഞങ്ങളും കത്തോലിക്കാ അത്മായസമൂഹവും ഓർത്തഡോക്സ് സഭയും പ്രാർത്ഥിക്കുന്നു. കത്തോലിക്കാസഭ ലോകാരൂപിക്ക് സ്വയം നിന്നുകൊടുത്താൽ, മറ്റു ക്രിസ്ത്യാനികൾക്ക് അതു പ്രതിരോധിക്കുക എളുപ്പമാവില്ല. പാപങ്ങളെ 'പാപം'

എന്നതന്നെ ആവർത്തിച്ച വിളിക്കാൻ തയ്യാറാകേണ്ടതല്ലേ?